# അമേരിക്കൻ മലയാള സാഹിത്യത്തിന്റെ വികാസപരിണാമങ്ങൾ

സഹ്യാദ്രിനിരകൾ കടന്ന് സപ്ത സാഗരങ്ങളും കടന്ന് മലയാള ഭാഷയും സാഹിത്യവും പ്രയാണം തുടരുന്നു. അമേരിക്കൻ മലയാള സാഹിത്യം മലയാളിയുടെ കുടിയേറ്റത്തോടൊപ്പം വളർന്നു വികസിച്ചുകൊണ്ടിരിക്കുന്നു. പിറന്ന നാട്ടിൽ നിന്ന് ജീവിത സാഹചര്യങ്ങളുടെ സമ്മർദ്ദങ്ങളിൽപെട്ട് അപ്പൂപ്പൻതാടിപോലെ ലോകത്തിന്റെ വിവിധകോണുകളിലേക്ക് പറന്നുപോയ മലയാളി, 'ഭദ്രദീപം' പോലെ ഭാഷാസ്നേഹം കെടാതെ സൂക്ഷിക്കുന്നു. അതിന്റെ ഉത്തമോദാഹരണമാണ് അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന അമേരിക്കൻ മലയാളസാഹിത്യം.

## വിവിധ മുഖങ്ങൾ:

നോവൽ, ചെറുകഥ, കവിത, നാടകം, ലേഖനം, ഹാസസാഹിത്യം, സഞ്ചാരസാഹിത്യം എന്നീ വിഭാഗങ്ങളാണ് പൊതുവേ അമേരിക്കൻ മലയാള സാഹിത്യത്തിൽ വളർന്നുകൊണ്ടിരിക്കുന്നത്.

## നോവൽ

ജീവിതം പൂർണ്ണമായും സമഗ്രമായും വർണ്ണശബളമായും വരച്ചുകാട്ടാൻ കെല്പുള്ള വിസ്തൃതമായ ക്യാൻവാസാണ് നോവലിസ്റ്റിനുള്ളത്. അമേരിക്കൻ ജീവിതം പലരും ചിത്രീകരിക്കുന്നുണ്ട്. എം. മുകുന്ദൻ, ഒ.വി. വിജയൻ, കാക്കനാടൻ എന്നീ മലയാള നോവൽ സാഹിത്യത്രയം മലയാളനോവലിന്റെ ഗതി തിരിച്ചുവിട്ട പ്രവാസ സാഹിത്യകാരന്മാരാണ്. മലയാളനോവൽസാഹിത്യത്തിന്റെ പുതിയ കുതിപ്പുകൾ ഉയർത്താൻ അമേരിക്കൻ മലയാള എഴുത്തുകാർക്കു കഴിയുമോ?

ധാരാളം നോവലിസ്റ്റുകൾ ഇന്ന് രംഗത്തുണ്ട്. ഹൂസ്റ്റണിൽ മാത്യു നെല്ലിക്കുന്ന്, ജോർജ്ജ് മണ്ണിക്കരോട്ട് എന്നിവരും ചിക്കാഗോയിൽ തെൽമ കിസാക്ക്, ഡാളസിൽ എബ്രഹാം തെക്കേമുറി ന്യൂയോർക്കിൽ മാത്യു